"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

മത്സ്യബന്ധന തുറമുഖ വകുപ്പ് - കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടർ ശ്രീ.പി.ഐ.ഷെയ്ക്ക് പരീത് ഐ.എ.എസ് (റിട്ട) -ന്റെ പുനർ നിയമന കാലാവധി ദീർഘിപ്പിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**മത്സ്യബന്ധന തുറമുഖ (എ) വകുപ്പ്**

സ.ഉ.(കൈ) നം.28/2025/F&P തീയതി,തിരുവനന്തപുരം, 19-12-2025

---

പരാമർശം:-

1. സ.ഉ.(പി) നം.159/2016/ധന തീയതി 19/10/2016.
2. സ.ഉ.(കൈ) നം.30/2018/മ.തു.വ തീയതി 21/08/2018.
3. സ.ഉ.(കൈ) നം.30/2019/മ.തു.വ തീയതി 24/08/2019.
4. സ.ഉ.(കൈ) നം.20/2020/മ.തു.വ തീയതി 11/11/2020.
5. സ.ഉ.(കൈ) നം.20/2021/മ.തു.വ തീയതി 28/10/2021.
6. സ.ഉ.(കൈ) നം.7/2022/പി&ഇ.എ തീയതി 18/03/2022.
7. സ.ഉ.(കൈ) നം.12/2022/മ.തു.വ തീയതി 06/06/2022.
8. സ.ഉ.(കൈ) നം.24/2022/മ.തു.വ തീയതി 25/11/2022.
9. സ.ഉ.(കൈ) നം.26/2023/മ.തു.വ തീയതി 07/12/2023.
10. സ.ഉ.(കൈ) നം.1/2025/മ.തു.വ തീയതി 09/01/2025.
11. കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ ഡയറക്ടറുടെ 25/06/2025 -ലെ 2982/ഡി/2018/കെ.എസ്.സി.എ.ഡി.സി നമ്പർ കത്ത്.

**ഉത്തരവ്**

ശ്രീ.പി.ഐ.ഷെയ്ക്ക് പരീത് ഐ.എ.എസ് (റിട്ട.) നെ കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടറായി പരാമർശം (2) പ്രകാരം പുനർ നിയമന വ്യവസ്ഥയിൽ നിയമിക്കുകയും പരാമർശം(3), (4), (5), (7), (8), (9), (10) ഉത്തരവുകൾ പ്രകാരം പുനർ നിയമന കാലാവധി ദീർഘിപ്പിച്ച് നൽകുകയും ചെയ്തിട്ടുണ്ട്.

2.സംസ്ഥാന സർക്കാരിന് കീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളിലെ എം.ഡി/സി.ഇ.ഒ എന്നിവരുടെ പെൻഷൻ പ്രായപരിധി പരാമർശം (6) പ്രകാരം 65 വയസ്സായി നിജപ്പെടുത്തിയിട്ടുണ്ട്. നിലവിൽ കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ നിരവധി വികസന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്ന സാഹചര്യത്തിൽ പദ്ധതികളുടെ കാര്യക്ഷമവും സമയബന്ധിതവുമായ പൂർത്തീകരണത്തിനും തീരദേശ മേഖലയുടെ വികസനത്തിന് കൂടുതൽ പ്രവർത്തനങ്ങൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിനും ശ്രീ.പി.ഐ.ഷെയ്ക്ക് പരീതിന്റെ സേവനം അത്യന്താപേക്ഷിതമായതിനാൽ പരാമർശം (6) ലെ പ്രായപരിധി

വ്യവസ്ഥയിൽ ഇളവ് അനുവദിച്ച് കെ.എസ്.ആർ ഭാഗം III ചട്ടം 100 -നും പരാമർശം (1) ഉത്തരവിനും അനുസൃതമായി കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടറായ ശ്രീ.പി.ഐ.ഷെയ്ക്ക് പരീത്-ന്റെ പുനർ നിയമന കാലാവധി 23/08/2025 മുതൽ ഒരു വർഷത്തേക്ക് കൂടി ദീർഘിപ്പിച്ച് നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

അബ്ദുൾ നാസർ ബി ഐ എ എസ്

സ്പെഷ്യൽ സെക്രട്ടറി

ഫിഷറീസ് ഡയറക്ടർ, തിരുവനന്തപുരം.
മാനേജിംഗ് ഡയറക്ടർ, കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരളം, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരളം, തിരുവനന്തപുരം.
പൊതുഭരണ (എസ്.സി) വകുപ്പ് ( 17/12/2025-ലെ ഇനം നം. 3421 പ്രകാരം)
ധനകാര്യ വകുപ്പ് (01-11-2015-ലെ പി.യു-എ3/108/2025/ധന (3285458) പ്രകാരം)
വിജിലൻസ് വകുപ്പ് (03/09/2025-ലെ വിജി-സി.2/377/2025-വിജി) നമ്പർ അനൗദ്യോഗിക കുറിപ്പ് പ്രകാരം).
ആസൂത്രണവും സാമ്പത്തികകാര്യവും (ബി.പി.ഇ) വകുപ്പ് (26/09/2025 -ലെ (PLGEA-BPE2/136/2024-PLGEA പ്രകാരം)
വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂസ് മീഡിയ) വകുപ്പ്
കരുതൽ ശേഖരം (e-3199016 -എ1/157/2025-മ.ഇ.വ)

ഉത്തരവിൻ പ്രകാരം

Signed by
Aswathy M L
Date: 19-12-2025 12:51:11

സെക്ഷൻ ഓഫീസർ

രഹസ്യം

# കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 17-12-2025

ഫയൽ നം. എ1/157/2025/മ.തു.വ. ഇനം നം: 3421

വിഷയം : മത്സ്യബന്ധന-തുറമുഖ വകുപ്പ് - കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടർ ശ്രീ. പി. ഐ. ഷേയ്ക്ക് പരീത് ഐ.എ.എസ്.(റിട്ട.)-ന്റെ പുനർനിയമന കാലാവധി ദീർഘിപ്പിച്ചു നൽകുന്നത്.

തീരുമാനം : കുറിപ്പിലെ നിർദ്ദേശം അംഗീകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

ഡോ. എ. ജയതിലക്
ചീഫ് സെക്രട്ടറി

സ്പെഷ്യൽ സെക്രട്ടറി, മത്സ്യബന്ധന വകുപ്പ്.

3421

# കേരള സർക്കാർ

(ശ്രീ. പിണറായി വിജയൻ മന്ത്രിസഭ)

**മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്**

| | | |
|---|---|---|
| 1 | ഫയൽ നമ്പർ | **എ 1/157/2025/മ.തു.വ** |
| 2 | വകുപ്പ് | മത്സ്യബന്ധന തുറമുഖ (എ) വകുപ്പ് |
| 3 | വിഷയം | കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടർ ശ്രീ.പി.ഐ.ഷേയ്ക്ക് പരീത് ഐ.എ.എസ് (റിട്ട) -ന്റെ പുനർ നിയമന കാലാവധി ദീർഘിപ്പിച്ചു നൽകുന്നത് സംബന്ധിച്ച്. |
| 4 | മന്ത്രിസഭാ യോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | 25/11/2025 |
| 5 | (I) ഇത് സാമ്പത്തിക ബാദ്ധ്യതയുള്ളതാണോ?<br>(ii) സാമ്പത്തിക ബാദ്ധ്യതയുള്ളതാണെങ്കിൽ ധനകാര്യ വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | അതെ<br>ഉണ്ട് |
| 6 | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | ഉണ്ട് (വിജിലൻസ് വകുപ്പ് , ആസൂത്രണ സാമ്പത്തിക കാര്യവകുപ്പ് ) |
| 7 | കുറിപ്പ് സമർപ്പിച്ച ജോയിന്റ് സെക്രട്ടറിയുടെ പേര് | ശ്രീമതി .പ്രശാന്ത.വി.കെ |
| 8 | കുറിപ്പ് അംഗീകരിച്ച സ്പെഷ്യൽ സെക്രട്ടറിയുടെ പേര് | ശ്രീ.അബ്ദുൽ നാസർ.ബി |
| 9 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് സ്പെഷ്യൽ സെക്രട്ടറി അംഗീകരിച്ച തീയതി | 26/11/2025 |
| 10 | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | ഡോ.എ. ജയതിലക് |
| 11 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | 10/12/2025 |
| 12 | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | ശ്രീ.സജി ചെറിയാൻ |
| 13 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | 11/12/2025 |
| 14 | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | 11/12/2025 |
| 15 | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | |
| 16 | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ്/ കത്തിന്റെ നമ്പറും തീയതിയും | |

## മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

കേരള സംസ്ഥാന തീരദേശവികസന കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടറായി സേവനമനുഷ്ഠിക്കുന്ന ശ്രീ.പി.ഐ.ഷേയ്ക്ക് പരീത് ഐ.എ.എസ് (റിട്ട.)-ന്റെ പുനർ നിയമന കാലാവധി ദീർഘിപ്പിച്ചു നൽകുന്നത് സംബന്ധിച്ചുള്ളതാണ് ഈ കുറിപ്പ് .

2) 21.08.2018-ലെ സ.ഉ.(കൈ) നം.30/2018/മ.ഇ.വ പ്രകാരം കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടറായി പുനർ നിയമന വ്യവസ്ഥയിൽ നിയമിതനായ ശ്രീ.പി.ഐ.ഷേയ്ക്ക് പരീത്-ന്റെ നിയമന കാലയളവ് തുടർന്നുള്ള വർഷങ്ങളിൽ ദീർഘിപ്പിച്ചു നൽകിയിരുന്നു. അപ്രകാരം ദീർഘിപ്പിച്ചു നൽകിയ കാലയളവ് 22.08.2025-ൽ അവസാനിച്ചിരുന്നു. സംസ്ഥാന സർക്കാരിന് കീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളിലെ മാനേജിങ് ഡയറക്ടർ / ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ എന്നിവരുടെ ഉയർന്ന പ്രായപരിധി 18.03.2022 തീയതിയിലെ സ.ഉ.(കൈ) നം 07/2022/പി&ഇ.എ പ്രകാരം 65 വയസായി നിജപ്പെടുത്തിയിട്ടുണ്ട്. കേരള സംസ്ഥാന തീരദേശ വികസന കോർപറേഷൻ നിലവിൽ നിരവധി വികസന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്ന സാഹചര്യത്തിൽ പദ്ധതികളുടെ കാര്യക്ഷമവും സമയബന്ധിതവുമായ പൂർത്തീകരണത്തിനും, തീരദേശ മേഖലയുടെ വികസനത്തിന് കൂടുതൽ പ്രവർത്തനങ്ങൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിനും, ശ്രീ ഷെയ്ക്ക് പരീതിന്റെ സേവനം അത്യന്താപേക്ഷിതമായതിനാൽ മേൽ സർക്കാർ ഉത്തരവിലെ പ്രായപരിധി വ്യവസ്ഥയിൽ ഇളവ് അനുവദിച്ച് ശ്രീ.പി.ഐ.ഷേയ്ക്ക് പരീതിന്റെ പുനർ നിയമന കാലാവധി എറ്റവും അവസാനമായി 23.08.2024 മുതൽ ഒരു വർഷത്തേക്ക് 09.01.2025 ലെ സ ഉ (കൈ) 1/2025-മ.ഇ. വ പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. പ്രസ്തുത കാലയളവ് 22/08/2025 ൽ അവസാനിച്ച പശ്ചാത്തലത്തിൽ വീണ്ടും, 1 വർഷം കൂടി ടിയാന് പുനർ നിയമനം

അനുവദിക്കണമെന്ന് കേരള സംസ്ഥാന തീരദേശ വികസന കോർപറേഷൻ മാനേജിംഗ് ഡയറക്ടർ സർക്കാറിനോട് അഭ്യർത്ഥിച്ചു.

3) ശ്രീ.പി.ഐ.ഷേയ്ക്ക് പരീതിനെതിരെ വിജിലൻസ് അന്വേഷണമോ, കേസോ, റിപ്പോർട്ടോ, ശിപാർശകളോ നിലവിലില്ല എന്ന് വിജിലൻസ് (സി) വകുപ്പ് 03/09/2025 ലെ അനൗദ്യോഗിക കുറിപ്പ് മുഖാന്തിരം അറിയിച്ചിട്ടുണ്ട്.

4) ശ്രീ പി. ഐ. ഷേയ്ക്ക് പരീത് ഐ.എ.എസ്.(റിട്ട)- ന്റ പുനർനിയമനകാലാവധി ദീർഘിപ്പിച്ചു നൽകുന്നതിൽ ആസൂത്രണ സാമ്പത്തിക കാര്യവകുപ്പിന്റെ 26.09.2025 ലെ അഭിപ്രായം ചുവടെ ചേർക്കുന്നു.

*" As per the stipulation in existing orders (GO (Ms) No. 7/2022/P&EA dated 18/03/2022), the Maximum age limit for Managing Directors is fixed as 65 years. The AD has already obtained relaxation for one year from 23.08.2023 and 23.08.2024. Hence in the case of further extension AD may take up the matter with competent Authority for approval"*

5) ശ്രീ.പി.ഐ.ഷേയ്ക്ക് പരീത് ഐ.എ.എസ് (റിട്ട)-ന്റെ പുനർ നിയമന കാലയളവ് 23.08.2025 മുതൽ ഒരു വർഷത്തേക്ക് കൂടി ദീർഘിപ്പിക്കുന്നതിന്മേൽ 01.11.2025-ൽ ധനകാര്യ വകുപ്പ് ലഭ്യമാക്കിയ അഭിപ്രായം ചുവടെ ചേർക്കുന്നു.

*" 4/10/2020 ലെ Circular No. 530/SC1/2020/GA(SC), 30/10/2020 ലെ Circular No 64/2020/Fin എന്നിവയിലേക്ക് ശ്രദ്ധ ക്ഷണിച്ച് വിജിലൻസ് ക്ലീറൻസിന്റെ അടിസ്ഥാനത്തിൽ, ബഹു മന്ത്രിസഭയുടെ അനുമതിയോടെ കെ.എസ്.ആർ ഭാഗം 111 ചട്ടം 100 , 19.10.2016 ലെ സ.ഉ (പി) നം 159/2016/ധന എന്നീ ഉത്തരവിന് അനുസൃതമായി ശ്രീ. പി.ഐ.ഷേയ്ക്ക് പരീത് ഐ.എ.എസ് (റിട്ട) ന്റെ*

*പുനർനിയമനം 23./08/2025- മുതൽ ഒരു വർഷത്തേയ്ക്ക് കൂടി നീട്ടി നൽകുന്നതിന് അനുമതി നൽകുന്നു.*

*ഇതിനു ബഹു. ധനകാര്യ വകുപ്പ് മന്ത്രിയുടെ അംഗീകാരമുണ്ട്"*

6) വിജിലൻസ് വകുപ്പിന്റെ റിപ്പോർട്ടിന്റെയും ധനകാര്യ, ആസൂത്രണ സാമ്പത്തിക കാര്യ വകുപ്പുകളുടെയും അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ കേരള സംസ്ഥാന തീരദേശ വികസന കോർപറേഷൻ മാനേജിങ് ഡയറക്ടറായി സേവനമനുഷ്ഠിക്കുന്ന ശ്രീ പി. ഐ. ഷേയ്ക്ക് പരീത് ഐ.എ.എസ്(റിട്ട)- ന് 23.08.2025 മുതൽ തുടർന്നും ഒരു വർഷത്തേയ്ക്ക് പുനർനിയമനകാലാവധി ദീർഘിപ്പിച്ചു നൽകുന്നത് സംബന്ധിച്ച വിഷയം മന്ത്രി സഭയുടെ പരിഗണനയ്ക്ക് സമർപ്പിക്കാമോ എന്ന വിഷയത്തിൽ ഉത്തരവിനായി ഫയൽ ബഹു. മത്സ്യബന്ധന വകുപ്പ് മന്ത്രി മുഖേന ബഹു.മുഖ്യമന്ത്രിയ്ക്ക് ചംക്രമണം ചെയ്തപ്പോൾ വിഷയം മന്ത്രിസഭായോഗത്തിന്റെ പരിഗണനയ്ക്ക് സമർപ്പിക്കുന്നതിന് ബഹു.മുഖ്യമന്ത്രി ഉത്തരവായി.

**<u>തീരുമാനമെടുക്കേണ്ട വിഷയം</u>**

18/03/2022 ലെ സ.ഉ. (കൈ) 07/2022/പ്ളാനിംഗ് നമ്പർ ഉത്തരവിലെ പ്രായപരിധി വ്യവസ്ഥയിൽ ഇളവ് നൽകി കെ.എസ്.ആർ ഭാഗം III ചട്ടം 100 –നും 19.10.2016 ലെ സ.ഉ (പി) നം 159/2016/ധന ഉത്തരവിനും അനുസൃതമായി കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടർ ശ്രീ.പി.ഐ.ഷേയ്ക്ക് പരീത് ഐ.എ.എസ് (റിട്ട.)–ന്റെ പുനർ നിയമന കാലാവധി 23.08.2025 മുതൽ വീണ്ടും ഒരു വർഷത്തേയ്ക്ക് കൂടി ദീർഘിപ്പിച്ചു നൽകാമോ?